പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *508 — 23.03.2018- ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, കെ.സി.ജോസഫ്<br>,, അനൂപ് ജേക്കബ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾ ഒരുമിച്ച് താമസിക്കുന്ന സ്ഥലങ്ങളിലെ ശുചിത്വമില്ലായ്മയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പ വരുത്തുന്നതിന് ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ(സാ.ധാ)960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽകരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽകരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്.<br><br>ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഈ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും | (ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ സ്ഥിതി കാലാകാലങ്ങളിൽ നിരീക്ഷിക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും തൊഴിൽവകുപ്പ് സൗകര്യം ഏർപ്പെടുത്തിവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" |

| | | | |
|---|---|---|---|
| | തൊഴിൽ വകുപ്പിൽ സംവിധാനം ഏർപ്പെടുത്തുമോ; | | നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് "അപ്നാഘർ" പദ്ധതി. ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണീ പദ്ധതി വഴി നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാ വിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിവിടെ ഒരുക്കിയിട്ടുള്ളത്. ഈ മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | അപ്നാഘർ പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഹോസ്റ്റലുകൾ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ; പ്രസ്തുത ഹോസ്റ്റലുകളുടെ വാടക നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇല്ല. അപ്നാഘർ പദ്ധതിയുടെ പാലക്കാടുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതരസംസ്ഥാന തൊഴിലാളികൾക്ക് താമസത്തിന് നൽകുന്നതിനുള്ള അനുബന്ധ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഒരാളിൽ നിന്നും 800/-രൂപ എന്ന പ്രതിമാസ നിരക്കിൽ വാടക ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.